ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ ജയിലാസ്ഥാനകാര്യാലയം ജീവനക്കാര്യം – മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് പ്രൊമോഷൻ/ സ്ഥലംമാറ്റം/സീറ്റുമാറ്റം എന്നിവ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

പരാമർശം : 10.06.2021,16.06.2020 എന്നീ തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ. E1-4788/2021/PrHQ; തീയതി : 28-06-2021**

പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം ജയിലാസ്ഥാനകാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) ശ്രീമതി. സുമ.സി.യ്ക്ക് പ്രൊമോഷൻ നൽകി സീനിയർ സൂപ്രണ്ട് തസ്തികയിൽ നിയമിക്കപ്പെട്ടതിനെ തുടർന്ന്, ജയിലാസ്ഥാനകാര്യാലയത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരൊഴിവ് ഉണ്ടായിരിക്കുന്നു. കൂടാതെ മലപ്പുറം തവനൂർ സെൻട്രൽ ജയിലിൽ 2 ക്ലർക്ക് തസ്തിക സൃഷ്ടിച്ചതിനെ തുടർന്ന് ക്ലർക്ക്, സീനിയർ ക്ലർക്ക് തസ്തികയിലെ അനുപാതം 1:1 നിലനിർത്തുന്നതിനായി പുനഃക്രമീകരിച്ചതിനെ തുടർന്ന് 18/02/2021 മുതൽ സീനിയർ ക്ലർക്ക് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നു. സീനിയർ സൂപ്രണ്ട് തസ്തികയിലെ പ്രൊമോഷനെ തുടർന്ന് ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്ക് /സീനിയർ ക്ലർക്ക് എന്നീ തസ്തികകളിലെ ഉദ്യോഗസ്ഥർക്ക് ചുവടെ ചേർക്കുന്ന പ്രകാരം പ്രൊമോഷൻ/ സ്ഥലംമാറ്റം/സീറ്റ് മാറ്റം എന്നിവ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

01. ഹെഡ് ക്ലർക്കുമാരിൽ ഏറ്റവും സീനിയറും, ജയിൽ ആസ്ഥാനകാര്യാലയത്തിലെ ചീഫ് അക്കൗണ്ടന്റുമായ ശ്രീ. സമീർ.എം-നെ 43400-91200 ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ പ്രൊമോഷൻ നൽകി, ചീമേനി തുറന്ന ജയിലിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. ഐ. സത്യനാഥന്റെ സ്ഥലംമാറ്റത്തെ തുടർന്നുണ്ടാകുന്ന ഒഴിവിൽ നിലവിലുള്ള കീഴ്-വഴക്കപ്രകാരം നിയമിക്കുന്നു.

02. ഉത്തരമേഖല ഡി.ഐ.ജി ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി.ഷീനമോൾ.എസ്-ൻറെ സ്ഥലംമാറ്റത്തെ തുടർന്നുണ്ടാകുന്ന ഒഴിവിൽ ചീമേനി തുറന്ന ജയിലിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ഐ.സത്യനാഥനെ സ്ഥലംമാറ്റി നിയമിക്കുന്നു.

03. മദ്ധ്യമേഖല ഡി.ഐ.ജി ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. ഉണ്ണികൃഷണൻ.എൻ.സി യുടെ സ്ഥലംമാറ്റത്തെ തുടർന്നുണ്ടാകുന്ന ഒഴിവിൽ ഉത്തരമേഖല ഡി.ഐ.ജി ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി.ഷീനമോൾ.എസ്-നെ സ്ഥലംമാറ്റി നിയമിക്കുന്നു.

04.നെട്ടുകാൽത്തേരി തുറന്ന ജയിലിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ഷൈല ബീവി.എസ്.ൻറെ സ്ഥലംമാറ്റത്തെ തുടർന്നുണ്ടാകുന്ന ഒഴിവിൽ മദ്ധ്യമേഖല ഡി.ഐ.ജി ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. ഉണ്ണികൃഷ്ണൻ.എൻ.സി യെ സ്ഥലംമാറ്റി നിയമിക്കുന്നു.

05. നെട്ടുകാൽത്തേരി തുറന്ന ജയിലിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ഷൈല ബീവി. എസ്. നെ ജയിലാസ്ഥാനകാര്യാലയത്തിലെ പ്ലാനിംഗ് സെക്ഷൻ സൂപ്രണ്ടിൻറെ സീറ്റ്മാറ്റത്തെ

തുടർന്നുള്ള  ഒഴിവിൽ നിയമിക്കുന്നു.

06. പ്ലാനിംഗ് സെക്ഷൻ സൂപ്രണ്ട്  ശ്രീമതി.ഷൈനി.ജി യെ ജനറൽ സെക്ഷൻ സൂപ്രണ്ടിന്റ് പ്രൊമോഷനെ തുടർന്നുള്ള ഒഴിവിൽ നിയമിക്കുന്നു.

07.ജയിലാസ്ഥാനകാര്യാലയത്തിലെ ചീഫ് അക്കൗണ്ടന്റ് ശ്രീ.സമീർ.എം ൻറെ  പ്രൊമോഷനെ തുടർന്ന് ജയിലാസ്ഥാനകാര്യാലയത്തിലെ ചീഫ് അക്കൗണ്ടന്റ്   തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ  ശ്രീ.ബിജു.കെ.എബ്രഹാമിനെ നിയമിക്കുന്നു.

08. സീനിയർ ക്ലർക്കുമാരിൽ ഏറ്റവും സീനിയറും ജയിലാസ്ഥാനകാര്യാലയത്തിലെ ഇ1-സീറ്റിലെ സീനിയർക്ലർക്കുമായ ശ്രീമതി.ഷീബ.ഡി യെ 39300-83000 ശംബള സ്കെയിലിൽ ഹെഡ് ക്ലർക്ക്  തസ്തികയിൽ പ്രൊമോഷൻ നൽകി,  നിലവിലുള്ള മാനദണ്ഡപ്രകാരം സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറുടെ ഒഴിവിൽ നിയമിക്കുന്നു.

09. ജയിലാസ്ഥാനകാര്യാലയത്തിലെ ഇ1-സീറ്റിലെ  സീനിയർ ക്ലർക്ക്  ശ്രീമതി.ഷീബ.ഡിയുടെ പ്രൊമോഷനെ തുടർന്നുള്ള  ഒഴിവിൽ ഇ2 സീറ്റിലെ സീനിയർ ക്ലർക്ക് ശ്രീമതി.സീന.ജെ  യെ നിയമിക്കുന്നു.

10. ജയിലാസ്ഥാനകാര്യാലയത്തിലെ ഇ2-സീറ്റിലെ  സീനിയർ ക്ലർക്ക്  ശ്രീമതി.സീന.ജെ  യുടെ സീറ്റ്മാറ്റത്തെ തുടർന്നുള്ള ഒഴിവിൽ ജി2 സീറ്റിലെ ക്ലർക്ക് ശ്രീമതി.സ്മിത. ആർ-നെ നിയമിക്കുന്നു.

11. ജയിലാസ്ഥാനകാര്യാലയത്തിലെ ജി2-സീറ്റിലെ  ക്ലർക്ക്  ശ്രീമതി.സ്മിത.ആർ-ന്റെ സീറ്റ്മാറ്റത്തെ തുടർന്നുള്ള ഒഴിവിൽ ജി5 സീറ്റിലെ ക്ലർക്ക് ശ്രീ.സുനിൽകുമാർ.സി.പി യെ നിയമിക്കുന്നു.

12. ജയിലാസ്ഥാനകാര്യാലയത്തിലെ ജി5-സീറ്റിലെ  ക്ലർക്ക്  ശ്രീ.സുനിൽകുമാർ.സി.പി യുടെ സീറ്റ്മാറ്റത്തെ തുടർന്നുള്ള ഒഴിവിൽ ജനറൽ സെക്ഷന്റെ സുഗമമായ പ്രവർത്തനത്തിനായി തിരുവനന്തപുരം സെൻട്രൽ ജയിൽ & കറക്ഷണൽ ഹോമിലെ ക്ലർക്ക് ശ്രീമതി. ഷജിനി.എസ്-നെ അറ്റാച്ച് ചെയ്ത് നിയമിക്കുന്നു.

13. മേൽ പ്രസ്താവിച്ചപ്രകാരം, 18/02/2021 ലെ സീനിയർ ക്ലർക്ക്  തസ്തികയിൽ നിലവിൽ വരുന്ന  ഒഴിവിലേയ്ക്ക് ക്ലർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം പരിഗണിക്കപ്പെടേണ്ട ക്രമ നമ്പർ: 1, ക്രമ നമ്പർ: 2, എന്നിവർ പ്രൊമോഷനുവേണ്ട നിശ്ചിത യോഗ്യത നേടിയിട്ടില്ല. ആയതിനാൽ ടി ലിസ്റ്റുപ്രകാരം അടുത്ത് പ്രൊമോഷനുവേണ്ട നിശ്ചിത യോഗ്യത നേടിയത് ക്രമ നമ്പർ: 3 ശ്രീമതി. ഷാജിത സി.പി  യാണ്. ആയതിനാൽ വിയ്യൂർ അതീവ സുരക്ഷാ ജയിലിലെ ക്ലർക്ക് ശ്രീമതി.ഷാജിത.സി.പി.യെ 35600-75400 ശംബള സ്കെയിലിൽ 18/02/2021  തീയതി പ്രാബല്യത്തിൽ  സീനിയർ ക്ലർക്ക് തസ്തികയിൽ പ്രൊമോഷൻ നൽകി, ടി സ്ഥാപനത്തിൽ തന്നെ നിലനിർത്തുന്നു.

14. ജയിലാസ്ഥാനകാര്യാലയത്തിലെ സീനിയർ ക്ലർക്ക് ശ്രീമതി.ഷീബ.ഡി യുടെ പ്രമോഷനെ തുടർന്ന് സീനിയർ ക്ലർക്ക് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നു. ടി ഒഴിവിലേയ്ക്ക് ക്ലർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം  അടുത്ത്  പരിഗണിക്കേണ്ട  ക്രമ നമ്പർ: 5 ശ്രീ.പ്രവീൺകുമാർ.ടി.ആർ പ്രമോഷന് വേണ്ട  അക്കൗണ്ട് ടെസ്റ്റ് (ലോവർ) പാസ്സായി നിശ്ചിത യോഗ്യത നേടിയിട്ടില്ല. എന്നാൽ കെ.എസ് & എസ്.എസ്.ആർ  ചട്ടം 13(B)  ചട്ടപ്രകാരം, 50 വയസ്സ് പൂർത്തിയായാൽ നിശ്ചിത ടെസ്റ്റിൽ നിന്നും ഒഴിവാക്കാമെന്നുള്ള ആനുകൂല്യം ലഭിക്കുന്നതിനാൽ, ടിയാന് പ്രമോഷന് അർഹത കാണുന്നു. ആയതിനാൽ  വിയ്യൂർ മദ്ധ്യമേഖല

ജയിൽഡി.ഐ.ജി ഓഫീസിലെ ക്ലർക്ക് ശ്രീ.പ്രവീൺകുമാർ.ടി.ആർ-നെ 35600-75400 ശമ്പള സ്കെയിലിൽ സീനിയർ ക്ലർക്ക് തസ്തികയിൽ പ്രൊമോഷൻ നൽകി, ടി സ്ഥാപനത്തിൽ തന്നെ നിലനിർത്തുന്നു.

.

മേൽ ഉത്തരവ് നടപ്പിലാക്കിയ വിവരം യഥാസമയം അറിയിക്കേണ്ടതും ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഉദ്യോഗസ്ഥരുടെ സേവന പുസ്തകം, സ്പാർക്ക് എന്നിവയിൽ വരുത്തേണ്ടതുമാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും (സ്ഥാപനമേധാവി മുഖേന).

പകർപ്പ് : 1. ഡി.ഐ.ജി. ഓഫ് പ്രിസൺസ്,
ദക്ഷിണമേഖല/മദ്ധ്യമേഖല/ഉത്തരമേഖല.
2. സൂപ്രണ്ട്,തുറന്ന ജയിൽ & കറക്ഷണൽ ഹോം,ചീമേനി/നെട്ടുകാൽത്തേരി.
3. സൂപ്രണ്ട്, സെൻട്രൽ ജയിൽ, തിരുവനന്തപുരം.
4. ജയിൽ ആസ്ഥാനകാര്യാലത്തിലെ എല്ലാ ഓഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ടുമാർക്കും
5. A1-സീറ്റ്/E4-സീറ്റ്/TC-3 (Web Site)/ ഫയൽ / കരുതൽ ഫയൽ.